LIBRARY ARCHIVES Kerala Legislative Assembly

ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ

5 (*185) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) സർക്കാർ സേവനങ്ങൾ ഓൺലൈനിലൂടെ ലഭിക്കാൻ എന്തെല്ലാം സംവിധാനമാണ് ഇതിൽ ഒരുക്കിയിരിക്കുന്നത് ;

(ഡി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) അക്ഷയ കേന്ദ്രങ്ങൾ മുഖാന്തരം ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ നല്കിവരുന്ന സംസ്ഥാന സർക്കാർ സേവനങ്ങൾ ഇന്റർനെറ്റ് വഴി ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് കൂടി ലഭ്യമാക്കുക എന്നതാണ് ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടലിന്റെ ഉദ്ദേശ ലക്ഷ്യം.

(സി) ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടലായ www.edistrict.kerala.gov.in മുഖേന ഒറ്റത്തവണ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ വിജയകരമായി പൂർത്തിയാക്കുന്ന ഏതൊരാൾക്കും പോർട്ടലിൽ ലഭ്യമായ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്. എസ്.എസ്.എൽ.സി, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ വിവരങ്ങൾ ഇ-ഡിസ്ട്രിക്ടുമായി ബന്ധിപ്പിക്കപ്പെട്ടതിനാൽ പബ്ലിക് പോർട്ടലിലൂടെ ലഭിക്കുന്ന ഈ രേഖകളുടെ ആധികാരികത വില്ലേജ് ഓഫീസർമാർക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഇതിൽ ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ സമർപ്പിക്കുന്ന അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്ന അവസരത്തിൽ അപേക്ഷകന് മൊബൈൽ എസ്.എം.എസ്. വഴി അക്കാര്യം അറിയാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

(ഡി) ഇ-ഡിസ്ട്രിക് പബ്ലിക് പോർട്ടൽ വഴി നിലവിൽ ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കുന്ന 24 സേവനങ്ങൾ/സർട്ടിഫിക്കറ്റുകൾ. വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ, ഒന്നാം അപ്പീൽ, ജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ (Public Grievance Services) തുടങ്ങിയവ. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ ലഭ്യമായ സേവനങ്ങൾ (വൈദ്യുതി ബിൽ, വെള്ളക്കരം, ബി.എസ്.എൻ.എൽ. ടെലിഫോൺ ബിൽ, വിവിധ യൂണിവേഴ്സിറ്റി ഫീസുകൾ, മോട്ടോർ വാഹന വകുപ്പ് ഫീസുകൾ എന്നിവ ഓൺ ലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം)

പൊതുമേഖലാ സ്ഥാപനങ്ങൾ

6 (*186) ശ്രീ. എളമരം കരീം :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. സാജു പോൾ :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലത് കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ഉണ്ടാക്കിയ ധാരണകൾ അനുസരിച്ച് അവയെല്ലാം പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് കേന്ദ്ര പൊതുമേഖലാസ്ഥാപനവുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് ഏറ്റെടുക്കപ്പെട്ട സ്ഥാപനങ്ങളേതെല്ലാമാണെന്നും ഇതിൽ സുഗമമായി പ്രവർത്തിക്കുന്നത് ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെട്ടിടവും യന്ത്രോപകരണങ്ങളും ഏറ്റെടുത്തുവെങ്കിലും ആവശ്യമായ നിലയിലുള്ള വികസന പദ്ധതികൾ ഇല്ലാത്തത് കാരണം മിക്ക സ്ഥാപനങ്ങളും വൻ തകർച്ച നേരിടുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്തു ചെയ്യുവെന്നും വ്യക്തമാക്കുമോ ?